

ഹാജി സാഹിബ്

>> സംഭാഷണം-3


- എം.പി അബ്ദുർറഹ്മാൻ കുരിക്കൾ
- സ്വദ്റുദ്ദീൻ വാഴക്കാട്


# ഹാജി സാഹിബിന്റെ ചോദ്യങ്ങൾ

### ഹാജി സാഹിബ്

**മഞ്ചേരി** പള്ളിദർസിൽ മരക്കാരുട്ടി മുസ്‌ലിയാരുടെ ശിഷ്യനായിരുന്നു വളാഞ്ചേരി എടയൂർ സ്വദേശി കുഞ്ഞാലൻ കുട്ടി. അദ്ദേഹമാണ് പിൽക്കാലത്ത് കേരള ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകനായിത്തീർന്ന ഹാജി വി.പി മുഹമ്മദലി സാഹിബ്. ഞാൻ പള്ളിദർസിൽ പഠിക്കുന്നതിന് മുമ്പാണ് ഹാജി സാഹിബ് പഠിച്ചിരുന്നത്. മഞ്ചേരി മാപ്പിള യു.പി സ്കൂളിൽ കെ.കെ അലി എന്നൊരു അധ്യാപകനുണ്ടായിരുന്നു. ഹാജി സാഹിബും കെ.കെ അലി മാസ്റ്ററും തമ്മിൽ പരിചയമുണ്ടായിരുന്നു. അവർ പല വിഷയങ്ങളെക്കുറിച്ചും സംസാരിക്കും. പുരോഗമന ചിന്താഗതിക്കാരനായ അലി മാസ്റ്ററുടേതിൽനിന്ന് വ്യത്യസ്തമായിരുന്നു അൽപം സ്വൂഫീ കാഴ്ചപ്പാടുള്ള ഹാജി സാഹിബിന്റെ വീക്ഷണങ്ങൾ. 'കുഞ്ഞാലൻ മുസ്‌ലിയാർ' എന്നായിരുന്നു അദ്ദേഹം അക്കാലത്ത് അറിയപ്പെട്ടിരുന്നത്.

പള്ളിദർസിൽനിന്ന് പഠനം പൂർത്തിയാക്കിയ ഹാജി സാഹിബ് ഉപരിപഠനത്തിനുവേണ്ടി ഉമറാബാദ് ദാറുൽ ഉലൂമിലേക്ക് പോയി. അവിടെ ശൈഖ് ഇസ്മാഈൽ ഹസ്രത്തിന്റെ ക്ലാസ്സിൽ വെച്ച് അദ്ദേഹത്തിന് ചില സംശയങ്ങളുണ്ടായി. ആ സംശയമാണ് മൗദൂദിയെക്കുറിച്ച് അറിയാനും ജമാഅത്തിലേക്കെത്താനും അവസരമൊരുക്കിയത്. അതിപ്രകാരമാണ്: ക്ലാസ്സിൽ 'കിതാബുൽ ജിനായാത്ത്' അഥവാ ശിക്ഷാ നടപടികളെക്കുറിച്ച ഭാഗം പഠിക്കാൻ തുടങ്ങിയപ്പോൾ ഹാജി സാഹിബ് ഉസ്താദിനോട് ചോദിച്ചു: "നമ്മൾ വുദൂ, നമസ്കാരം, നോമ്പ് തുടങ്ങിയവയെക്കുറിച്ച് പഠിക്കുന്നു, അതിന് സംവിധാനമുണ്ടാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. എന്നാൽ 'കിതാബുൽ ജിനായാത്തി'ൽ പഠിക്കുന്നത് നടപ്പിലാക്കേണ്ടതല്ലേ? അതിനു വേണ്ടി പ്രവർത്തിക്കേണ്ടത് നമ്മുടെ ചുമതലയല്ലേ? നമുക്ക്, മൗലാനാ അബുൽ കലാം ആസാദിനെ അമീറാക്കി ഒരു ജമാഅത്ത് രൂപീകരിച്ച് രംഗത്തിറങ്ങിക്കൂടേ?" ഉസ്താദ് ഇസ്മാഈൽ ഹസ്രത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു: "അബുൽ കലാം ആസാദ് ദേശീയവാദിയാണ്. അതിനു പറ്റിയ ഒരാളുണ്ട്, അബുൽ അഅ്‌ലാ മൗദൂദി. പക്ഷേ, അദ്ദേഹം ചെറുപ്പമാണ്."

അപ്പോഴാണ് ഹാജി സാഹിബ് മൗദൂദി സാഹിബിനെക്കുറിച്ച് കേട്ടത്. അബുൽ കലാം ആസാദ് ഹുകൂമത്തെ ഇലാഹിയെക്കുറിച്ച കാഴ്ചപ്പാട് വളരെ ശക്തമായി അവതരിപ്പിച്ച പണ്ഡിതനായിരുന്നു. അതുകൊണ്ടാണ് ഹാജി സാഹിബ് അദ്ദേഹത്തെ അമീറാക്കാമെന്ന് പറഞ്ഞത്. പക്ഷേ, മൗദൂദി സാഹിബ് ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനത്തെ കുറിച്ച് ചിന്തിക്കു

കയും എഴുതുകയും ചെയ്തിരുന്നു. ഉസ്താദിൽനിന്ന് മൗദൂദി സാഹിബിന്റെ *തർജുമാനുൽ ഖുർആൻ* മാസികയെക്കുറിച്ച് അറിഞ്ഞ ഹാജി സാഹിബ് അത് വായിക്കാൻ തുടങ്ങി. അതോടെ അദ്ദേഹം മൗദൂദി ചിന്തകളിൽ ആകൃഷ്ടനായി. ഇസ്‌ലാമിക പ്രവർത്തനത്തിനു വേണ്ടി ഒരു ഉത്തമ സംഘടന നിലവിൽവരേണ്ടതിന്റെ ആവശ്യകത വിശദീകരിച്ചുകൊണ്ടുള്ള മൗദൂദി സാഹിബിന്റെ ലേഖനങ്ങൾ അദ്ദേഹവും വായിച്ചിരുന്നു. 1941 ആഗസ്റ്റ് 26-ന് 75 അംഗങ്ങൾ അടങ്ങിയ ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കപ്പെട്ട വാർത്ത *തർജുമാനുൽ ഖുർആനിൽ* വന്നതോടെ ഹാജി സാഹിബിന് മൗലാനാ മൗദൂദിയെ കാണാനും ജമാഅത്തിൽ അംഗത്വമെടുക്കാനും അതിയായ ആഗ്രഹമുണ്ടായി. അദ്ദേഹം മൗദൂദി സാഹിബിന് അറബിയിൽ എഴുതി. അറബിയിൽതന്നെ എഴുതിയ മറുപടി കത്തിൽ, ജമാഅത്തിൽ അംഗത്വം ലഭിച്ച മദ്രാസിലെ സ്വിബ്ഗത്തുല്ല സാഹിബുമായി ബന്ധപ്പെടാൻ മൗദൂദി സാഹിബ് നിർദേശിച്ചു. സ്വിബ്ഗത്തുല്ലാ സാഹിബ് അന്ന് ഉമറാബാദിലെ തഫ്സീർ വിഭാഗം തലവനും ജമാഅത്തിന്റെ മദ്രാസിലെ അമീറുമായിരുന്നു.


ഹാജി സാഹിബിന് മൗദൂദി സാഹിബിനെ കാണാൻ വലിയ ആഗ്രഹമുണ്ടായിരുന്നു. പഞ്ചാബിലെ പഠാൻകോട്ടിലെത്താൻ ഹാജി സാഹിബ് കൊതിച്ചു. ഉമറാബാദിൽനിന്ന് പഠനം പൂർത്തിയാക്കി വന്ന അദ്ദേഹം, കണ്ണൂർ ജില്ലയിലെ പഴയങ്ങാടി മദ്റസയിൽ അധ്യാപകനായി ഏതാനും മാസങ്ങൾ ജോലി ചെയ്തു. താമസിയാതെ പഠാൻകോട്ടിലേക്ക് പുറപ്പെട്ടു. ഹാജി സാഹിബ് അവിടെ ഒരു വർഷം താമസിച്ചു. മൗദൂദി സാഹിബിന്റെ ശിഷ്യനായി, *മിശ്കാത്തുൽ മസ്വാബീഹ്* എന്ന ഹദീസ് ഗ്രന്ഥം പഠിച്ചു. മൗദൂദി സാഹിബിൽനിന്ന് *മിശ്കാത്ത്* പഠിച്ച ഒരുവർഷം, പതിനഞ്ച് വർഷം പള്ളിദർസിൽ കിതാബ് ഓതിയതിനേക്കാൾ ഉപകാരപ്രദമായിരുന്നുവെന്ന് ഹാജി സാഹിബ് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

## ജമാഅത്തുൽ മുസ്തർശിദീൻ

പഠാൻകോട്ടിൽ വെച്ചുതന്നെ ഹാജി സാഹിബ് മഞ്ചേരിയിലെ കെ.കെ അലി മാസ്റ്റർക്ക് ജമാഅത്തിനെ പരിചയപ്പെടുത്തി കത്തയച്ചിരുന്നു. തിരിച്ചു വന്ന ഹാജി സാഹിബ് ജമാഅത്തിന്റെ തുടക്കമെന്ന നിലയിൽ 'ജമാഅത്തുൽ മുസ്തർശിദീൻ' (സത്യാന്വേഷക സംഘം) രൂപീകരിച്ചു. 1945-ലായിരുന്നു ഇത്. കെ.കെ അലി മാസ്റ്റർ, മഞ്ചേരി റൗദത്തിൽ അക്കാലത്ത് വിദ്യാർഥികളായിരുന്ന ടി. മുഹമ്മദ് സാഹിബ്, അബുൽ ജലാൽ മൗലവി തുടങ്ങിയവർക്ക് ജമാഅത്തുൽ മുസ്തർശിദീൻ രൂപീകരണ യോഗത്തിലേക്ക് ക്ഷണിച്ചുകൊണ്ട് ഹാജിസാഹിബ് കത്തയച്ചു. അവർ മൂന്നു പേരും പ്രഥമ യോഗത്തിൽതന്നെ പങ്കെടുത്തു. അവരിലൂടെ വിവരം അറിഞ്ഞിരുന്നെങ്കിലും അസുഖം കാരണം എനിക്ക് രൂപീകരണ യോഗത്തിൽ പങ്കെടുക്കാനായില്ല.

1948-ൽ ജമാഅത്തുൽ മുസ്തർശിദീന്റെ വാർഷിക യോഗം നടന്നു. അതിൽ വെച്ചാണ് ജമാഅത്തെ ഇസ്‌ലാമി കേരള ഹൽഖ ഔപചാരികമായി രൂപീകരിച്ചത്. അതേ വർഷാവസാനം കോഴിക്കോട് വെച്ച് കേരള ജമാഅത്തിന്റെ ഒരു സമ്മേളനവും നടന്നു. 1949-ൽ രണ്ടാം സമ്മേളനം കുറ്റ്യാടിയിൽ വെച്ചു നടന്നു. അതേ വർഷം ആഗസ്റ്റിൽ *പ്രബോധനം* പാക്ഷികം പ്രഥമ ലക്കം പുറത്തിറങ്ങി.


1959 ഡിസംബറിലായിരുന്നു ഹാജി സാഹിബിന്റെ മരണം. ഒരു രക്തസാക്ഷിയുടെ അന്ത്യം പോലെയായിരുന്നു അദ്ദേഹത്തിന്റെ മരണം. ചെമ്മാടിന്റെ അടുത്ത പ്രദേശമായ കൊടിഞ്ഞിയിൽ ഒരു യോഗത്തിൽ പ്രസംഗിക്കാൻ പോകുമ്പോൾ രക്തം ഛർദിച്ച് വീണ ഹാജി സാഹിബിനെ പ്രവർത്തകർ മെഡിക്കൽ കോളേജിലെത്തിച്ചു. അവിടെ വെച്ചാണ് അന്ത്യം സംഭവിച്ചത്. അന്നു രാത്രി ഞാൻ കോഴിക്കോട്ടുണ്ടായിരുന്നു. രാവിലെ ടൗണിൽ വെച്ച് ടി. മുഹമ്മദ് സാഹിബിനെ കണ്ടു. മരണ വാർത്തയറിഞ്ഞ് എടയൂരിലേക്ക് പുറപ്പെട്ട അദ്ദേഹമാണ് വിവരം പറഞ്ഞത്. എടയൂർ ഗ്രാമം ഒരു ജനസമുദ്രമായി മാറിയിരുന്നു അന്ന്. 1912-ൽ ജനിച്ച ഹാജി സാഹിബ് 47 വയസ്സു വരെയാണ് ജീവിച്ചത്. അക്കാലം കൊണ്ട് ഒരു മഹാപ്രസ്ഥാനത്തിന് കേരളത്തിൽ തുടക്കം കുറിക്കാൻ സാധിച്ചു.





*സയ്യിദ് മൗദൂദി*


## *ഇസ്‌ലാംമതം*

1945-ൽ *ഇസ്‌ലാംമതം* ഒന്നാം പതിപ്പ് പുറത്തിറങ്ങി. സയ്യിദ് മൗദൂദിയുടെ *രിസാലെ ദീനിയാത്തിന്റെ* മലയാള



പരിഭാഷയാണ് *ഇസ്‌ലാംമതം.* ഹാജി സാഹിബാണ് പരിഭാഷകൻ. വിവർത്തനത്തിനു വേണ്ടി നല്ല മലയാള ഭാഷ ഹാജി സാഹിബ് പലരിൽനിന്നും പഠിക്കുകയായിരുന്നു. പരിഭാഷയുടെ കോപ്പി പരിശോധിച്ചത് കെ.കെ അലി മാസ്റ്ററായിരുന്നു. പുസ്തകത്തിന്റെ പരസ്യം *ചന്ദ്രിക*യിലാണ് പ്രസിദ്ധീകരിച്ചത്. പരസ്യം കണ്ട ഞാൻ, പണമയച്ച് ഒരു കോപ്പി തപാലിൽ വരുത്തി. മലയാളത്തിൽ പുറത്തിറങ്ങിയ ആദ്യത്തെ ജമാഅത്ത് സാഹിത്യവും ഞാൻ വായിച്ച പ്രഥമ കൃതിയും അതുതന്നെയാണ്. പുസ്തകത്തിന് വേണ്ടി കത്തയച്ചപ്പോൾ 'എം.പി അബ്ദുർറഹ്മാൻ കുരിക്കൾ' എന്ന പേര് ശ്രദ്ധിച്ച ഹാജി സാഹിബ് പിന്നീട് മഞ്ചേരിയിൽ വന്നപ്പോൾ അലി മാസ്റ്ററോട് എന്നെ അന്വേഷിക്കുകയും ഞങ്ങൾ തമ്മിൽ സംസാരിക്കുകയും ചെയ്തു. ജമാഅത്തെ ഇസ്‌ലാമിയുടെ കേരള അമീറിൽനിന്നുതന്നെ പ്രസ്ഥാനത്തെ അറിയാൻ എനിക്ക് അവസരം കിട്ടി.

## മദ്രാസിൽ

പള്ളിദർസിൽനിന്ന് പഠനം പൂർത്തിയാക്കി വേലൂരിൽ ഉപരിപഠനത്തിനു പോകുമ്പോൾ എനിക്ക് ജമാഅത്ത് ബന്ധമുണ്ടായിരുന്നു. അതുകൊണ്ട് മദ്രാസിലെയും ഉമറാബാദിലെയും കോളേജുകളിൽ പഠിച്ചുകൊണ്ടിരുന്ന ജമാഅത്ത് പ്രവർത്തകരുമായി പരിചയമുണ്ടായി. ജമാലിയാ കോളേജിന്റെ അടുത്തായിരുന്നു, ജമാഅത്തെ ഇസ്‌ലാമി തമിഴ്നാട് ഹൽഖാ അമീർ ശൈഖ് അബ്ദുല്ലാ സാഹിബിന്റെ ഓഫീസും താമസവും. ഞാൻ ഇടവേളകളിൽ അവിടെ പോകും, ക്ലാസ്സുകളിൽ പങ്കെടുക്കും. അവിടെയാണ് ഇപ്പോൾ ജമാഅത്തെ ഇസ്‌ലാമിയുടെ തമിഴ്നാട് ഹൽഖാ ഓഫീസ് സ്ഥിതി ചെയ്യുന്നത്. വേലൂർ ലത്വീഫിയ്യയിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ, അവിടത്തെ ജമാഅത്ത് പ്രവർത്തകനായ അബ്ദുൽ ഹഫീദ് സാഹിബിന്റെ വീട്ടിൽ നടക്കുന്ന ക്ലാസ്സുകളിലും പോയിരുന്നു. ഉമറാബാദിൽനിന്ന് അമീൻ സാഹിബ് വന്ന് ക്ലാസ്സെടുക്കാറുണ്ടായിരുന്നു. അബ്ദുൽ ഹഫീസ് സാഹിബിന്റെയും മറ്റും മേൽനോട്ടത്തിൽ വേലൂരിൽ പിന്നീട് ധാരാളം സ്ഥാപനങ്ങൾ ഉണ്ടായിട്ടുണ്ട്. മദ്രാസിലെ ജീവിതകാലം ഇസ്‌ലാമിക പ്രസ്ഥാനത്തെ കുറിച്ച് കൂടുതൽ പഠിക്കാനുള്ള അവസരം തന്നു.

## ഇശാഅത്തുൽ ഇസ്‌ലാം സംഘം

ജമാഅത്തുൽ മുസ്തർശിദീൻ



*അബ്ദുർറഹ്മാൻ കുരിക്കൾ (പഴയ ചിത്രം)*



*കെ.കെ അലി മാസ്റ്റർ*

എന്ന പേരിൽ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനങ്ങൾ ആരംഭിച്ച പോലെ മഞ്ചേരിയിൽ 'ഇശാഅത്തുൽ ഇസ്‌ലാം സംഘം' എന്ന പേരിലാണ് പ്രസ്ഥാന പ്രവർത്തനം തുടങ്ങിയത്. 1951-ൽ ഇശാഅത്ത് രൂപീകരിച്ചുവെന്നാണ് ഓർമ. പല സ്ഥലങ്ങളിലും ഇങ്ങനെ ചില പേരുകളിലാണ് പ്രസ്ഥാനം ആരംഭിച്ചത്. ഉദാഹരണമായി മമ്പാട് 'ജംഇയ്യത്തുൽ മുസ്തർശിദീൻ' എന്ന പേരിലാണ് ഘടകം ആദ്യം നിലവിൽ വന്നത്. ജമാഅത്ത് അവലോകന യോഗങ്ങൾ ചേരുമ്പോൾ, മഞ്ചേരിയിലെ 'ഇശാഅത്തുൽ ഇസ്‌ലാം സംഘ'ത്തിന്റെ റിപ്പോർട്ടാണ് വായിച്ചിരുന്നത്. ഒരു യോഗത്തിൽ ഹാജി സാഹിബ്, ഇശാഅത്ത് എന്ന പേരു മാറ്റി ജമാഅത്തെ ഇസ്‌ലാമി ഘടകം എന്നാക്കണമെന്ന് പറഞ്ഞു. അങ്ങനെ ജമാഅത്തെ ഇസ്‌ലാമി മഞ്ചേരി ഹൽഖ നിലവിൽ വന്നു. 1954-ലായിരുന്നു ഇത്.

കെ.കെ അലി മാസ്റ്റർ, പി. അബ്ദുർറഹ്മാൻ, എൻ. ആലിക്കുട്ടി, ടി. മുഹമ്മദ്, വി.എ മുഹമ്മദ്, വി.എം ഹസൻ കുട്ടി, എം.പി മുഹമ്മദ് കുരിക്കൾ, വി. മുഹമ്മദലി, എം. കുഞ്ഞഹമ്മദ്, കെ. അബൂബക്കർ, കെ.സി അലവി തുടങ്ങിയവർ ആദ്യകാല പ്രവർത്തകരിൽ ചിലരാണ്. അന്ന് ഹൽഖാ യോഗങ്ങൾ പലപ്പോഴും മൂന്നു മണിക്കൂറിലേറെ നീണ്ടുനിന്നിരുന്നു. ഖുർആൻ ക്ലാസ്, സാഹിത്യ പാരായണം, ചർച്ച, പ്രവർത്തനാവലോകനം എന്നിവ നടക്കും. പുസ്തകങ്ങളും *പ്രബോധന*ത്തിൽ വരുന്ന ലേഖനങ്ങളും യോഗത്തിൽ വായിച്ച് ചർച്ച ചെയ്യും. 'ചർച്ചാപൂർവം' വായിച്ചു എന്ന് പഴയ കാല റിപ്പോർട്ട് പുസ്തകങ്ങളിൽ പ്രയോഗിച്ചതു കാണാം. സ്‌കോഡ് പ്രവർത്തനങ്ങൾക്കായിരുന്നു മുൻഗണന. ഓരോ ആഴ്ചയും പുതിയ പുതിയ ആളുകൾക്ക് പ്രസ്ഥാനത്തെ പരിചയപ്പെടുത്തും. അതിന്റെ റിപ്പോർട്ട് പ്രവർത്തകർ യോഗത്തിൽ അവതരിപ്പിക്കും. മിക്ക യോഗങ്ങളിലും ഒരു പുതിയ ആളെയെങ്കിലും കൊണ്ടുവരാൻ ശ്രമിക്കും. പൊതുയോഗങ്ങൾ വളരെ കുറച്ചു മാത്രമേ നടക്കാറുണ്ടായിരുന്നുള്ളൂ.

പ്രവർത്തകരുടെ തർബിയത്ത് കാര്യങ്ങൾ യോഗത്തിൽ കാര്യമായി ചർച്ച ചെയ്യാറുണ്ടായിരുന്നു. ഓരോ പ്രവർത്തകനെയും കുറിച്ച് അന്വേഷണങ്ങൾ ഉണ്ടാകും. വ്യക്തിഗത പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ യോഗത്തിൽ അവതരിപ്പിക്കും. അതുവഴി ഓരോ വ്യക്തിയെയും സജീവമാക്കാനും പ്രസ്ഥാന വളർച്ചക്ക് വേഗം കൂട്ടാനും കഴിഞ്ഞിരുന്നു. തർബിയത്തിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ തന്നെ ഉണ്ടായിരുന്നു. പ്രവർത്തകരുടെ വൈജ്ഞാനിക വളർച്ചയും അപ്രകാരംതന്നെ. എല്ലാ ദിവസവും ക്ലാസ്സുകൾ ഉണ്ടാകും. ഖുർആൻ ക്ലാസ്, ഹദീസ് ക്ലാസ്, ഉർദുക്ലാസ്, സ്റ്റഡി ക്ലാസ് എന്നിവ പ്രത്യേക ദിവസവും സമയവും നിശ്ചയിച്ച് ടൈംടേബിൾ പ്രകാരമാണ് നടക്കുക. പ്രധാനമായും സുബ്ഹിനു ശേഷവും ഇശാക്ക് ശേഷവുമായിരുന്നു ക്ലാസ്.

മഞ്ചേരി ഏരിയ വളരെ വിശാലമായിരുന്നു. മൊറയൂർ, കരുവാരകുണ്ട്, വണ്ടൂർ, പാണ്ടിക്കാട്, നിലമ്പൂർ, കാരകുന്ന്, കാളികാവ്, എടക്കര തുടങ്ങിയ സ്ഥലങ്ങൾ മഞ്ചേരി ഏരിയയിലായിരുന്നു. അവിടങ്ങളിലൊക്കെ നടന്നുപോയി സ്‌കോഡുകൾ നടത്തും. പുസ്തകങ്ങൾ പ്രചരിപ്പിക്കും. ഇടക്കിടെ ഹർഖാ യോഗങ്ങൾ ചേരുമ്പോൾ, രാത്രി ക്യാമ്പും പഠന ക്ലാസ്സും പകൽ സ്‌കോഡ് പ്രവർത്തനങ്ങളും നടത്തും. വിവിധ സ്ഥലങ്ങളിലാണ് ഹർഖാ യോഗങ്ങൾ ചേരുക. അവിടങ്ങളിലൊക്കെ നടക്കുന്ന സ്‌കോഡുകൾ വഴി പ്രവർത്തകർക്ക് ജനങ്ങളുമായി ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിരുന്നു.

## കെ.കെ അലി മാസ്റ്റർ

കെ. കുഞ്ഞാലൻ എന്നറിയപ്പെട്ടിരുന്ന കെ.കെ അലി മാസ്റ്ററാണ് മഞ്ചേരിയിലെ ആദ്യത്തെ ജമാഅത്ത് പ്രവർത്തകൻ. സ്കൂൾ അധ്യാപകനായിരുന്ന അദ്ദേഹം മലയാളഭാഷയിൽ നല്ല പരിജ്ഞാനമുള്ള ആളായിരുന്നു. പുരോഗമന ചിന്താഗതിക്കാരനായ അദ്ദേഹം, ഹാജി സാഹിബുമായി പല വിഷയങ്ങളും സംസാരിച്ചിരുന്നു. പള്ളിദർസിൽ പഠിച്ചുകൊണ്ടിരുന്ന ഹാജി സാഹിബിനെ, പള്ളിയിൽ നമസ്കരിക്കാൻ വരുമ്പോഴാണ് അദ്ദേഹം പരിചയപ്പെട്ടത്. അലി മാസ്റ്ററുടേതിന് എതിരായിരുന്നു ഹാജി സാഹിബിന്റെ പല വിഷയങ്ങളിലുമുള്ള കാഴ്ചപ്പാട്. യാഥാസ്ഥിതിക ചിന്തയുള്ള സൂഫിയായിരുന്നു ആദ്യം ഹാജി സാഹിബ്. അക്കാലത്ത് ഖുർആൻ പരിഭാഷ ഹറാമാണ് തുടങ്ങിയ വാദങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നതായി പറഞ്ഞു കേട്ടിട്ടുണ്ട്. അലി മാസ്റ്ററുമായുള്ള സംസാരത്തിലൂടെ പുതിയ ആശയങ്ങൾ ഹാജി സാഹിബ് മനസ്സിലാക്കി. പള്ളിദർസിൽ പഠിച്ചുകൊണ്ടിരിക്കെ വളരെ സാഹസികമായി നടത്തിയ ഹജ്ജ് യാത്ര വഴി മക്കയിൽ താമസിക്കാനും പണ്ഡിതരുമായി സംസാരിക്കാനും ഇടയായതും അദ്ദേഹത്തിന്റെ ചിന്തകളിൽ മാറ്റം വരുത്തി. ഇബ്നു തൈമിയയുടെയും ഇബ്നുൽ ഖയ്യിമിന്റെയും പുസ്തകങ്ങൾ വായിച്ചപ്പോൾ ഹാജി സാഹിബിന്റെ കാഴ്ചപ്പാടുകൾ മാറാൻ വഴിയൊരുങ്ങി.

അലി മാസ്റ്റർ അന്ന് *ചന്ദ്രിക*യുടെ പ്രാദേശിക ലേഖകൻ ആയിരുന്നു. ചില പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം ലേഖനങ്ങൾ എഴുതിയിരുന്നു. *ഇസ്‌ലാം മത*ത്തിന്റെ കൈയെഴുത്ത് കോപ്പി പരിശോധിച്ച് തെറ്റ് തിരുത്തിയതും അദ്ദേഹമാണ്. സ്കൂളിൽനിന്ന് വിരമിച്ച ശേഷം മഞ്ചേരി കോഴിക്കോട് റോഡിൽ 'കേരള'യുടെ ബുക്സ്റ്റാൾ ആരംഭിച്ചു. ഏതാനും പത്രങ്ങളും പുസ്തകങ്ങളുമാണ് അവിടെയുണ്ടായിരുന്നത്. ജമാഅത്തിന്റേതായി *ഇസ്‌ലാം മതം*, *രക്ഷാസരണി* തുടങ്ങിയ പുസ്തകങ്ങളും. ആദ്യകാലത്ത് -1947ൽ- അഞ്ച് പുസ്തകങ്ങളാണ് ഐ.പി.എച്ച് പ്രസിദ്ധീകരിച്ചിരുന്നത്. *ഇസ്‌ലാം മതം*, *രക്ഷാസരണി*, *തിറാഹ*, *ഇസ്‌ലാമും സോഷ്യലിസവും*, *ഇന്ത്യൻ യൂനിയനും ഇസ്‌ലാമിക പ്രസ്ഥാനവും*. ഒരിക്കൽ ഹാജി സാഹിബ് ബുക്സ്റ്റാളിൽ വന്ന് പുസ്തകങ്ങൾ കണ്ടപ്പോൾ പറഞ്ഞു: 'ഒരു കാലം വരും. അന്ന് ഈ പുസ്തകങ്ങൾ മുഴുവൻ ജമാഅത്തെ ഇസ്‌ലാമിയുടേതായിരിക്കും.' ഹാജി സാഹിബിന്റെ പ്രവചനം യാഥാർഥ്യമായതാണ് ഇന്ന് ഐ.പി.എച്ചിന്റെ വളർച്ചയിലൂടെ കാണുന്നത്. കേരള ബുക്സ്റ്റാൾ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ തന്നെയായിരുന്നു ജമാഅത്തെ ഇസ്‌ലാമിയുടെ ഓഫീസും ഉണ്ടായിരുന്നത്. ഓഫീസിൽ ഉപയോഗിക്കാതെ കിടന്നിരുന്ന ഒരു മേശ, അലി മാസ്റ്റർ ബുക്സ്റ്റാളിലേക്ക് എടുത്തിട്ടു. അതിൽ പണം സൂക്ഷിക്കും. ഓഫീസിലാകട്ടെ അതിന് ഉപയോഗമുണ്ടായിരുന്നില്ല. പക്ഷേ, അലി മാസ്റ്റർ മേശക്ക് ഒരു നിശ്ചിത സംഖ്യ വാടക ബൈത്തുൽമാലിലേക്ക് നൽകും. 'പ്രസ്ഥാനത്തിന്റെ ഒരു സാധനം വ്യക്തിപരമായ ആവശ്യത്തിന് ഉപയോഗിക്കരുത്, ഉപയോഗിക്കുന്നുവെങ്കിൽ വാടക കൊടുക്കണം'എന്നായിരുന്നു അദ്ദേഹം പറഞ്ഞിരുന്നത്. അതുപോലെ ഓഫീസിന്റെ സ്ഥലത്ത് അദ്ദേഹത്തിന്റെ ചില സാധനങ്ങൾ സൂക്ഷിച്ചിരുന്നു. അതിനും വാടക കൊടുക്കും. അത്രക്ക് സൂക്ഷ്മത പാലിച്ചിരുന്നു. (തുടരും)

sadarvzkd@yahoo.co.in